**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 292** **14-07-2022 - ൽ മറുപടിയ്ക്ക്**

**കെ-സ്വിഫ്റ്റ് ബസ് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എം. എം. മണി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ എം നൗഷാദ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അന്തർ സംസ്ഥാന സർവ്വീസുകൾക്കും സംസ്ഥാനത്തിനുള്ളിലെ ദീർഘദൂര യാത്രകൾക്കും സ്വകാര്യ കോൺട്രാക്ട് വാഹനങ്ങൾ അമിത ചാർജ് ഈടാക്കുകയും യാത്രക്കാർക്ക് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്താതിരിക്കുകയും യാത്രക്കാരോട് അപമര്യാദയായി പെരുമാറുകയും ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സർവ്വീസുകൾ പ്രധാനമായും രാത്രികാലങ്ങളിലാണ് നടത്തപ്പെടുന്നത്. ഉത്സവകാലങ്ങളിലുംമറ്റും ഇത്തരത്തിലുള്ള ട്രാവൽ ഏജൻസികൾ അമിതമായി യാത്രാക്കൂലി ഈടാക്കുന്നതായുള്ള ചില പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇക്കാര്യം അന്വേഷിച്ച് നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.-മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്തുനിന്നും അയൽ സംസ്ഥാനങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസുകൾ മിതമായ നിരക്കിൽ സർവ്വീസ് നടത്തുന്നതിനാലും കോവിഡിന് ശേഷം ട്രെയിൻ ഗതാഗതം നിലവിൽവന്നതിനാലും ട്രാവൽ ഏജൻസികളുടെ അമിത ചൂഷണം സംബന്ധിച്ച് വലിയ തോതിലുള്ള പരാതികൾ ഇപ്പോൾ ലഭിക്കുന്നില്ല. |
| (ബി) | ദീർഘദൂര, അന്തർ സംസ്ഥാന യാത്രക്കായി കിടക്കയാത്രയുൾപ്പടെയുള്ള മികച്ച യാത്രാ സൗകര്യങ്ങളോടെ കെ-സ്വിഫ്റ്റ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിലവിൽ എത്ര ബസ്സുകളാണ് പ്രസ്തുത സർവ്വീസ് നടത്തുന്നതെന്ന് അറിയിക്കാമോ; | (ബി) | ദീർഘദൂര അന്തർ സംസ്ഥാന യാത്രകൾക്കായി, കിടന്നുയാത്രചെയ്യാനുള്ള സൗകര്യമുൾപ്പെടെ, മികച്ച യാത്രാസംവിധാനങ്ങളോടെ KSRTC-SWIFT സർവ്വീസുകൾ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സർവ്വീസുകൾ 11-4-2022-ന് ബഹു. മുഖ്യമന്ത്രി flag off ചെയ്യുകയുണ്ടായി. പ്രസ്തുത ബസ്സുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു;<br><br>AC multi-axle Volvo sleeper - 8<br><br>AC seater premium Ashok Leyland - 20<br><br>Non-AC Ashok Leyland Deluxe - 88<br><br><u>ആകെ - 116</u> |

| | | | |
|---|---|---|---|
| (സി) | അയൽ സംസ്ഥാന നഗരങ്ങൾ ഉൾപ്പെടെ പ്രധാന നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കൂടുതൽ ബസ് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (സി) | അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവയുമായി ഏർപ്പെട്ടിട്ടുള്ള അന്തർ സംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. കർണ്ണാടകയിലെ ബാംഗ്ലൂർ, മൈസൂർ, മൂകാംബിക, മംഗലാപുരം, സുള്ള്യ, വിരാജ്പേട്ട്, ഗുണ്ടൽപേട്ട്, മെർക്കാറ എന്നീ പ്രധാന സ്ഥലങ്ങളിലേക്കും തമിഴ്നാട്ടിലെ ചെന്നൈ, മധുര, നാഗർകോവിൽ, തെങ്കാശി, കോയമ്പത്തൂർ, സേലം, ഈറോഡ്, പഴനി, തൃച്ചി, തിരുനെൽവേലി, ആറ്റിൻകരപള്ളി എന്നീ സ്ഥലങ്ങളിലേക്കും പ്രതിദിന സർവ്വീസുകൾ നടത്തിവരുന്നു. കൂടാതെ, യാത്രാത്തിരക്ക് പരിഗണിച്ച് വാരാന്ത്യ ദിവസങ്ങളിലും വാരാദ്യ ദിവസങ്ങളിലും, മറ്റ് ഉത്സവകാലങ്ങളിലും അധികമായി സർവ്വീസുകൾ ക്രമീകരിച്ചുവരുന്നുണ്ട്. കണ്ണൂരിൽ നിന്നും പുതുച്ചേരിയിലേക്കുള്ള സർവ്വീസ് ഉടൻ ആരംഭിക്കുന്നതാണ്. കർണ്ണാടകയുമായി 2016-ലും തമിഴ്നാടുമായി 2019-ലുമാണ്, അവസാനമായി, ഗതാഗത കരാറുകളിൽ ഏർപ്പെട്ടിട്ടുള്ളത്. കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളുമായി ഗതാഗത കരാറിൽ ഏർപ്പെടേണ്ടതുണ്ട്. ആയതിനുള്ള ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | സർവ്വീസ് നവീകരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിൽ ഇ-ഗവേണൻസ് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | **<u>ഇ-ഓഫീസ്</u>**<br><br>കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കിവരുന്ന ഇ-ഓഫീസ് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:<br><br>സർവ്വീസ് നവീകരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ ഇ-ഓഫീസ് നടപ്പാക്കിവരുന്നു.<br><br>ഇ-ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും കാര്യക്ഷമവുമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ/NIC എന്നിവയുമായിചേർന്ന് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റനുബന്ധ ഉപകരണങ്ങളും ടെൻഡർ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്.<br><br>**<u>GPRS, Bluetooth, RFID സംവിധാനമുള്ള ETM</u>** |

ഓരോ ട്രിപ്പിന്റെയും കളക്ഷൻ സംബന്ധിച്ച വിവരം, യാത്രക്കാരുടെ എണ്ണം, വരുമാനം എന്നിവ മനസ്സിലാക്കാൻ കഴിയുന്നതിനും പ്രീ-പെയ്ഡ് സ്മാർട്ട് കാർഡ് ഉപയോഗിച്ച് പണരഹിതമായി യാത്ര ചെയ്യുന്നതിനനുള്ള സൗകര്യം നൽകുന്നതിനുമായി, Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകുകയും വിവിധ ഡിപ്പോകളിലേക്ക് ടി മെഷീനുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**<u>ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ ബുക്കിംഗ് സംവിധാനം.</u>**

കെ.എസ്.ആർ.ടി.സി.-യിലേക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും, പരിഷ്ക്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി." എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി App ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

**<u>KSRTC-യുടെ യാത്രാ പാസ്സ്, സ്റ്റുഡന്റ് കൺസഷൻ ഓൺലൈൻ സേവനങ്ങൾ</u>**

അംഗ വൈകല്യമുള്ളവർ, കാഴ്ചശക്തി ഇല്ലാത്തവർ, മാധ്യമ പ്രവർത്തകർ തുടങ്ങിയവർക്ക് KSRTC നൽകിവരുന്ന വിവിധതരം യാത്രാ പാസ്സുകൾ, വിദ്യാർത്ഥികൾക്കുള്ള കൺസഷൻ എന്നീ സേവനങ്ങൾ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ/NIC എന്നിവയുമായി ചേർന്ന്, "സർവീസ് പ്ലസ്" എന്ന ആപ്ലിക്കേഷനിലൂടെ, ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**<u>ക്രൂ റോസ്റ്ററിങ് ആൻഡ് ബസ് ഷെഡ്യൂളിങ് സോഫ്റ്റ്‌വെയർ</u>**

കെ.എ.സ്.ആർ.ടി.സി.-യിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'ക്രൂ റോസ്റ്ററിങ് ആൻഡ് ബസ് ഷെഡ്യൂളിങ് സോഫ്റ്റ്‌വെയർ'

ഉപയോഗപ്പെടുത്തുന്നതിലൂടെ ശാസ്ത്രീയമായ രീതിയിൽ ഷെഡ്യൂളുകൾ ക്രമീകരിക്കാനും ക്രൂവിന്റെ ഡ്യൂട്ടി അനുസരിച്ച് ശാസ്ത്രീയമായ രീതിയിൽ ഡ്യൂട്ടി പോസ്റ്റ് ചെയ്യാനും സാധിക്കും. ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**<u>ERP സൊല്യൂഷൻ</u>**

അക്കൗണ്ടിംഗിനായി ERP സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിലൂടെ, പണം കൈകാര്യം ചെയ്യുന്നത് കൂടുതൽ സുതാര്യമാക്കാൻ സാധിക്കും. കൂടാതെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും ശരിയായ സാമ്പത്തിക മാനേജ്മെന്റ് നടപ്പിലാക്കാനും സാധിക്കുന്നതാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ഇൻവെന്ററി മാനേജ്മെന്റ് മൊഡ്യൂളിലൂടെ ചീഫ് സ്റ്റോർ, വർക്ക്ഷോപ്പ്, ഡിപ്പോകൾ തുടങ്ങിയവയിൽ ലഭ്യമായിട്ടുള്ള സ്പെയർ പാർട്ട്സ്, മറ്റ് സാധനസാമഗ്രികൾ എന്നിവ ട്രാക്ക് ചെയ്യുന്നതിനും ശരിയായ സ്ഥലത്ത് ആവശ്യത്തിന് സപ്ലൈസ് ഉണ്ടെന്ന് ഉറപ്പാക്കുന്നതിനും സാധിക്കും. സ്പെയർ പാർട്ട്സ് സ്വീകരിക്കുന്നത് മുതൽ അനുവദിക്കുന്നത് വരെയുള്ള എല്ലാ പ്രവർത്തനങ്ങളും സുഗമമായും കൃത്യതയോടെയും കൈകാര്യം ചെയ്യുവാൻ ഇതിലൂടെ സാധ്യമാകും.

**<u>കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം</u>**

പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി DIMTS (Delhi Integrated Multi-model Transit System)-നെ ഏൽപിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ